GVHSS Kuttichira

Magazine
2024

# സാക്ഷ്യം




## ജി.വി.എച്ച്.എസ്.എസ് കുറ്റിച്ചിറ

# ആമുഖം

**ജി വി എച്ച് എസ് എസ് കുറ്റിച്ചിറയിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ സാക്ഷ്യം എന്ന ഡിജിറ്റൽ മാഗസിൻ അതിൻ്റെ മികവുകൊണ്ടും ഉള്ളടക്കം കൊണ്ടും സമ്പന്നമാണ്. നമ്മുടെ വിദ്യാലയത്തിലെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി അധ്യാപകരുടെ നിർദ്ദേശാനുസരണം വിദ്യാർത്ഥികൾ ഒരുക്കിയ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

പ്രധാനധ്യാപകൻ



## സുനിൽകുമാർ

**ജിവിഎച്ച്എസ്എസ് കുറ്റിച്ചിറ**

# എഡിറ്റോറിയൽ



സർഗ്ഗാത്മകത തൂലികത്തുമ്പിൽ വിരിയുമ്പോൾ അത് സാക്ഷ്യപ്പെടുത്തൽ ആകുന്നു .സാക്ഷ്യം മാഗസിനിലൂടെ തനത് പ്രവർത്തനങ്ങളുടെ, സാങ്കേതിക വിദ്യയുടെ, സർഗ്ഗാത്മകതയുടെ, നേരറിവുകളുടെ, പുതു യുഗത്തിലേക്ക് കുട്ടികൾ മെല്ലെ ചുവടുവെക്കുകയാണ്. ,
ചിത്രങ്ങൾ,കവിതകൾ,
ഡയറിക്കുറിപ്പുകൾ ,
ലേഖനങ്ങൾ,
കടങ്കഥകൾ എന്നിങ്ങനെ മാഗസിൻ ഇതൾ വിരിയുന്നു. സ്വപ്നങ്ങൾക്ക് നിറമേകുമ്പോൾ അത് എല്ലാവർക്കും സ്വന്തമാകുന്നു. കാലത്തിൻറെ കയ്യൊപ്പ് ചാർത്തുന്നു .ഞങ്ങൾ സാക്ഷ്യത്തിലൂടെ മുന്നേറുകയാണ്.

രശ്മി.പി
HST Maths

# ആശംസകൾ



പ്രിയരേ,

കുറ്റിച്ചിറ ജി.വി.എച്ച്. എസ് എസിലെ ഹൈസ്കൂൾ വിഭാഗം വിദ്യാർഥികൾ തയ്യാറാക്കിയ സാക്ഷ്യം എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളിലേക്കെത്തുകയാണ്.

വരകളിലും വർണങ്ങളിലും എഴുത്തിലും സർഗാത്മകത ചേർത്ത കുഞ്ഞു കൈകൾ ആകാശത്തോളമുയരട്ടെ എന്നാശംസിക്കുന്നു

ഈ സത് ഉദ്യമത്തിൽ പങ്കാളികളായവരെയും പിന്നിൽ പ്രവർത്തിച്ചവരെയും അഭിനന്ദിക്കുന്നു

ആശംസകളോടെ,

**വിനോദൻ .ടി.സി**

**സ്റ്റാഫ് സെക്രട്ടറി**



ജിവിഎച്ച്എസ്എസ് കുറ്റിച്ചിറയിലെ 2023 -2024 വർഷത്തെ ലിറ്റിൽകൈറ്റ്സിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ സാക്ഷ്യം ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാർത്ഥികളിൽ ഉള്ള സാങ്കേതികവിദ്യയുടെ സഹായത്തോടെ പുറം ലോകത്തിന് കാഴ്ച വയ്ക്കാൻ സഹായിക്കുന്ന ഒരു ഉത്തമ മാതൃകയാകട്ടെ .ഇതിന് എല്ലാ വിധ ആശംസകളും നേരുന്നു

**സുനിത കെ കെ**

**എൽ പി എസ് ടി**



നമ്മുടെ സ്‌കൂളിലെ 2023-24 അധ്യയന വർഷത്തിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾ ലിറ്റിൽ കൈറ്റ്സിൻ്റെ ഭാഗമായി ഓൺലൈൻ രീതിയിൽ തയ്യാറാക്കിയ ഈ മാഗസിൻ കുട്ടികളുടെ വിവിധ കഴിവുകളെ പുറത്ത് കൊണ്ട് വന്നതാണ്.നിങ്ങളുടെ അറിവുകൾ പകർന്നു തന്ന ഈ മാഗസിൻ നമ്മുടെ സ്‌കൂളിന് അഭിമാനിക്കാൻ തക്കതായി തീരട്ടെ എന്ന് ആശംസിക്കുന്നു

**നീത പി**

**എച്ച് എസ് ടി ഹിന്ദി**

ലോകം വിരൽത്തുമ്പിൽ ഒതുങ്ങിയ പുതിയകാലത്ത് എഴുത്തും വായനയും വരയും എല്ലാം വസന്തമായി വിരിയുന്നത് യന്ത്ര ചതുരത്തിലെ സ്ക്രീൻ വെളിച്ചത്തിലാണ്. സമയവും അധ്വാനവും ചിലവും എല്ലാം ലാഭിക്കുന്നതിനൊപ്പം ഡിജിറ്റൽ വായന നൽകുന്ന സൗകര്യവും സാധ്യതയും വിശാലമാണ്.

നമ്മുടെ സ്കൂളിലെ ഐസിടി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ചെറിയ പട്ടങ്ങൾ വലിയ ഉയരങ്ങളിലേക്ക് പറക്കട്ടെ...

സഫീല

യുപിഎസ്ടി



കുറ്റിച്ചിറ ജി വി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സാക്ഷ്യം വേറിട്ട ഒരു കാഴ്ചയാണ്. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഇത്തരം സർഗ്ഗസൃഷ്ടികൾ അവരിൽ വരുത്തുന്ന മാറ്റങ്ങൾക്ക് പ്രചോദനമാവട്ടെ. ഈ സംരംഭത്തിന് അധ്യാപക രക്ഷാകർതൃ സമിതിയുടെ ആശംസകൾ നേരുന്നു.

ഷുഹൈബ്. പി.എ

പി.ടി.എ. പ്രസിഡണ്ട്.



അറിവ് നിർമ്മാണത്തോടൊപ്പം സർഗാത്മസൃഷ്ടികൾക്ക് കൂടി ഇടം കണ്ടെത്തിയ കുറ്റിച്ചിറ ജി വി എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ സാക്ഷ്യം എന്ന ഡിജിറ്റൽ മാഗസിന് സ്കൂൾ മാനേജ് കമ്മിറ്റിയുടെ ആശംസകൾ നേരുന്നു

**സുനിൽകുമാർ.പി.**

**ചെയർമാൻ എസ്.എം.സി**



ആദ്യാക്ഷരം വീട്ടിൽ നിന്നും ലഭിക്കുന്ന നമ്മുടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ഇന്ന് ഏറെ വേദികളുണ്ട്. ഇത്തരം കഴിവുകൾ കോർത്തിണക്കി കൊണ്ട് കുറ്റിച്ചിറ ജീ .വി .എച്ച്.എസ് എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനായ സാക്ഷ്യം അതിലെ ഉള്ളടക്കം കൊണ്ട് സമ്പന്നമാണ് എല്ലാവിധ ആശംസകളും നേരുന്നു

**അസ്മ ഷാഫി.**

**പ്രസിഡണ്ട് എം.പി.ടി.എ.**



# Editorial Board

**Chief Editor**
Sunil Kumar (Headmaster)

**Editor**
Reshmi P

**Student editors**
Habil bin Asif
Farzin Fahd

**Board members**
Jasmi
Adinath
Arhama
Fathima Reja
Fathimathul Sara
Muhammed Khaseeb

**Technical Support**
Anagha
Jayalakshmi
Sumitha
Sreeshma
Nijina
Jamsheer
Fathima
Najitha
Jifana
Jishila
Priya

# ഉള്ളടക്കം


ചിത്രങ്ങൾ

ഡയറി

വിവരണം

ചരിത്രം

കഥ

കുട്ടികളും കൗൺസിലിങ്ങും

കവിത

മഹത് വചനങ്ങൾ

റിപ്പോർട്ട്



Farzin Fahd
9 A
Student Editor



Habil Bin Asif
9 A
Student Editor



മുഹമ്മദ് റാദിഹ് പി .പി
മൂന്നാം ക്ലാസ്




# ഡയറി

20 സെപ്റ്റംബർ 2023 ബുധൻ
ഇന്ന് രാവിലെ പതിവിലും നേരത്തെ എഴുന്നേറ്റു. ഹോംവർക്ക് ചെയ്തു ടീച്ചർക്ക് അയച്ചുകൊടുത്തു.നിപ്പ കാരണം പുറത്തേക്ക് പോകാൻ പറ്റുന്നില്ല.
വീട്ടിലിരുന്നുമടുത്തു.സ്കൂളിൽ പോകാൻ കൊതിയാകുന്നു.കൂട്ടുകാരെ കാണാനും കൊതിയാകുന്നു.
എന്തുചെയ്യാൻ? പുറത്തേക്കിറങ്ങാൻ പറ്റില്ലല്ലോ.



ഫാത്തിമ നൂറ
രണ്ടാം ക്ലാസ്

കൂട്ടുകാരെ ഞാൻ ഓട്ടോറിക്ഷ സാധാരണക്കാരന്റെ പ്രിയപ്പെട്ട വാഹനം.എനിക്ക്മൂന്ന് ചക്രമുണ്ട്. ഗ്രാമത്തിലും പട്ടണത്തിലും എന്നെ കാണാം.എനിക്ക് ഓടാൻ പെട്രോളോ ഡീസലോ ഗ്യാസോ വേണം.



അമ്രീൻസിദ്ധിഖ
രണ്ടാം ക്ലാസ്





# വാഹനങ്ങളെ കുറിച്ചുള്ള കടങ്കഥകൾ

1വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ ഓടും
*സൈക്കിൾ
2 മണിയടിച്ചാൽ മലമ്പാമ്പ് ഓടും
*തീവണ്ടി
3 ആളെ കണ്ടാൽ ഒച്ചവെക്കും കൈ കാണിച്ചാൽ നിൽക്കും
*ബസ്
4 പക്ഷിയെ പോലെ പറക്കും കടലുകൾ താണ്ടി പറക്കും
*വിമാനം
5 വയലും പുഴയും നിറയുമ്പോൾ അക്കരെ എത്താൻ ഞാൻ വേണം
*തോണി



**ആമിന പി വി**
**രണ്ടാം ക്ലാസ്**

# മിഷ്കാൽ പള്ളി

## ചരിത്രം

കുറ്റിച്ചിറയിൽ സ്ഥിതിചെയ്യുന്ന നാല് നിലകളുള്ള മിഷ്കാൽ പള്ളിക്ക് 650 വർഷത്തിലധികം ചരിത്രമുണ്ട് ഈ കെട്ടിടം നിർമ്മിച്ച അറബ് വ്യാപാരിയായ മിഷ്കലിന്റെ പേരിലാണ് ഇത് അറിയപ്പെടുന്നത്.

തടികൊണ്ട് നിർമ്മിച്ച മിഷ്കാൽ മസ്ജിദ് അഞ്ചുനിലകൾ ഉള്ളതായിരുന്നു എന്നാൽ 1510 –ൽ പോർച്ചുഗീസുകാരുടെ ആക്രമണത്തിനിടയുണ്ടായ തീ പിടുത്തത്തിൽ ഇതിന് കേടുപാടുകൾ സംഭവിച്ചു ആക്രമണത്തിന്റെ അടയാളങ്ങൾ ഇപ്പോഴും കൈവശമുണ്ടെങ്കിലും ഈ പള്ളി സാമുദായിക സൗഹാർദ്ദത്തിന്റെ പ്രധാന ഉദാഹരണമായി ഇന്നും നില കൊള്ളുന്നു.



**വാസ്തുവിദ്യ**

തടികൊണ്ടുള്ള ഈ മസ്ജിദ് കാലത്തിന്റെ കെടുതികളെ അതിജീവിച്ച ഒരു കെട്ടിടമാണ് ഇറ്റാലിയൻ ടൈൽ പാകിയ പ്രവേശന കവാടം മുഴുവൻ ഘടനയെയും പിന്തുണയ്ക്കുന്ന 24 കൊത്തുപണികൾ ഉള്ള തടി തൂണുകൾ 47 കൊത്തുപണികൾ ഉള്ള വാതിലുകൾ 300 ഓളം ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന വലിയ പ്രാർത്ഥനാ ഹാൾ എന്നിവ ഈ പള്ളിയെ സവിശേഷമായ വാസ്തുവിദ്യ വിസ്മയം ആക്കുന്ന ചില സവിശേഷതകളാണ്

മറ്റു പള്ളികളിൽ നിന്ന് വ്യത്യസ്തമായി മിഷ്കാൽ പള്ളിയിൽ കപ്പോളകളും മിനാരങ്ങളും ഇല്ല ചുവരുകളിലെയും മേൽക്കുരകളിലേയും സങ്കീർണമായ കൊത്തുപണികളും

പ്രവേശന കവാടത്തിലെ ഗോപുര ശൈലികളിലുള്ള കമാനങ്ങളും പരമ്പരാഗത ക്ഷേത്ര വാസ്തുവിദ്യയുമായി ശ്രദ്ധേയമായ സാമ്യം കാണിക്കുന്നു. മിഹ്റാബ് മാതൃകയിലുള്ള വാതിലുകളാൽ മസ്ജിദിനുള്ളിലെ പ്രദേശം നന്നായി വായു സഞ്ചാരം ഉള്ളതാണ്.

# കുറ്റിച്ചിറ ജുമാത്ത് പള്ളി

മിഷ്കാൽ പള്ളിക്കും മുച്ചുണ്ടി പള്ളിക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന ജുമാത്ത് പള്ളി കേരളത്തിലെ പള്ളികളിൽ ഏറ്റവും വലിയ തറവിസ്തീർണ്ണമുള്ള പതിനാലാം നൂറ്റാണ്ടിലെ ഒരു ഘടനയാണ്. ഒരേ സമയം 1000 പേരെ ഉൾക്കൊള്ളാൻ കഴിയും. ഈ പള്ളിയുടെ നിർമ്മാണത്തിന് മരം ധാരാളമായി ഉപയോഗിച്ചിരുന്നു . അക്കാലത്തെ ക്ഷേത്രങ്ങളെ പോലെ ഈ പള്ളിയിലും താമരകളുടെ സങ്കീർണമായ കൊത്തുപണികളും ഭൂമിശാസ്ത്രപരമായ രൂപങ്ങളും സീലിങ്ങിലുണ്ട്. ഇവിടുത്തെ മറ്റൊരു പ്രത്യേകതയാണ് ചലിക്കുന്ന മേൽക്കൂര.



# മുച്ചുണ്ടി പള്ളി

പതിമൂന്നാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച മുച്ചുണ്ടി പള്ളി കോഴിക്കോട് നഗരത്തിലെ ഏറ്റവും പഴക്കമുള്ള പള്ളിയാണ്. അക്കാലത്തെ നിലനിന്നിരുന്ന സാമുദായിക സൗഹാർദത്തിന്റെ ആത്മാവ് പ്രകടമാകുന്ന രസകരമായ ഒരു ചരിത്രമുണ്ട് ഈ പള്ളിക്ക്. മുൻ ഭരണാധികാരികളായ സാമൂതിരിമാർ ഇസ്ലാം സംരക്ഷിക്കുകയും പള്ളി പണിയുന്നതിനായി രാജാവ് സ്വത്ത് ദാനം ചെയ്യുകയും ചെയ്തു ഈ കഥ വിവരിക്കുന്ന ഒരു ശിലാഫലകം പള്ളിയിലുണ്ട് പ്രാചീന മലയാള ലിപിയായ വട്ടെഴുത്തിലാണ് ഇത് ആലേഖനം ചെയ്തിരിക്കുന്നത്.





ഫാത്തിമ റജ
8 -ാം ക്ലാസ്

# മുത്തശ്ശി കഥ

ഒരിക്കൽ ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു എന്നാൽ ആ മുത്തശ്ശിക്ക് ആരും ഉണ്ടായിരുന്നില്ല. ഒരിക്കൽ മുത്തശ്ശി മനസ്സിൽ പറഞ്ഞു എനിക്ക് ആരും തന്നെയില്ല ഒരു കാര്യം ചെയ്യാം ഞാൻ ആദിവാസികളുടെ കൂടെ ചേർന്നാലോ അങ്ങനെ മുത്തശ്ശി രണ്ടും കല്പിച്ചിറങ്ങി. ആ മുത്തശ്ശി ഒരു സൂത്രക്കാരിയായിരുന്നു ആദിവാസികളുടെ വസ്ത്രം ധരിച്ച് അവരുടെ കൂടെ ചേർന്നു ഒരിക്കൽ അവിടെ ഒരു പ്രശ്നം ഉണ്ടായി. എന്തെന്നല്ലേ പറയാം മുത്തശ്ശിമാർ മീനിനെ പിടിക്കാ ഇറങ്ങി എന്നിട്ടോ മീൻ പിടിച്ച് പിന്നെ അവർ എല്ലാവരും തിരിച്ചുപോയി ആ മുത്തശ്ശി അവിടുന്ന് അപ്പോൾ അറിയാതെ നാട്ടുഭാഷ സംസാരിച്ചു അതുകണ്ട് ആദിവാസികൾക്ക് കാര്യം മനസ്സിലായി മുത്തശ്ശി അവരുടെ അടുത്ത് ചെന്ന് ക്ഷമ ചോദിച്ചുകൊണ്ട് തിരിച്ചുപോയി ഇതോടെ ആ മുത്തശ്ശിക്ക് മനസ്സിലായി കളവു കാണിച്ചാൽ അത് എപ്പോഴെങ്കിലും പുറത്തുവരും.



അഞ്ജ്വ
നാലാം ക്ലാസ്

## കടങ്കഥകൾ

1 ചുരുട്ടിയാലും ചുരുട്ടിയാലും തീരാത്ത പായ
2 അരമുറി പുട്ടിന് ആയിരം മുറി തേങ്ങ
3 അച്ഛൻ ഒരു സാരി തന്നു ഉടുത്തിട്ടും ഉടുത്തിട്ടും തീരുന്നില്ല
4 കിടക്കുമ്പോൾ നെഞ്ചിന് മീതെ നടക്കുമ്പോൾ തലയ്ക്കു മീതെ
5 എങ്ങു നോക്കിയാലും കാലില്ലാ പന്തൽ
6 അടിക്കാത്ത മുറ്റം
7 എന്റെ പുരയിൽ ഇരുന്നാൽ വെയിലും കൊള്ളാം മഴയും കൊള്ളാം
8 ആറ്റിലൂടെ ഒരു വെള്ളിക്കിണ്ണം ഒഴുകി ഒഴുകി

**ഉത്തരം :ആകാശം**




**ആമിനസിയ**

**നാലാം ക്ലാസ്**





സരിൻ സിദ്ധിഖി
രണ്ടാം ക്ലാസ്





മുഹമ്മദ് അ
8 –൧൦ ക്ലാസ

# WORD PUZZLE

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| S | U | P | Q | S | M | E | G | N | L | P | Y | Q |
| H | G | C | L | U | N | B | X | F | P | L | X | C |
| A | B | D | R | A | H | M | R | C | E | R | O | Y |
| M | Y | N | R | P | S | N | A | N | I | N | P | V |
| E | Y | P | S | R | N | F | O | E | F | T | X | Y |
| L | V | D | C | I | K | L | U | U | P | C | E | V |
| P | N | N | I | S | X | E | S | R | P | D | T | D |
| D | E | J | J | E | F | D | C | Y | R | G | N | A |
| A | P | O | R | D | E | D | U | L | S | G | Q | W |
| S | A | F | Z | E | E | D | Z | P | Z | A | G | B |
| Y | H | K | C | N | Y | P | P | A | H | S | B | S |

ആയിഷ തമന്ന
8 –൧൦ ക്ലാസ്



# കുട്ടികളും കൗൺസിലിങ്ങും

മനശാസ്ത്രപരമായ ഒരു ചികിത്സാരീതിയാണ് കൗൺസിലിങ്. മാനസികമായ അസ്വാസ്ഥ്യങ്ങളെ മാറ്റുവാനും മാനസികാരോഗ്യം മെച്ചപ്പെടുത്താനും ഉപകരിക്കുന്ന ചികിത്സാ മാർഗ്ഗമാണ്. വ്യക്തിപരവും സാമൂഹികപരവുമായ കാരണങ്ങൾ കൊണ്ട് മനസ്സ് കലുഷിതമായി പിടിവിട്ടു പോകുമെന്ന് തോന്നുന്ന ഘട്ടത്തിൽ കൈത്താങ്ങായി കൗൺസിലിംഗ് എത്താറുണ്ട് കൗൺസിലിങ് ഒരു ഉപദേശം കൊടുക്കലല്ല തൽക്ഷണ പരിഹാരമാർഗ്ഗവുമല്ല. വെല്ലുവിളികളെ പടിപടിയായി മനസ്സിലാക്കുകയും പിന്തുണയ്ക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ്. തന്റെ പ്രശ്നത്തിനുള്ള കാരണം എന്താണെന്നുള്ള ഉൾക്കാഴ്ച കക്ഷിക്ക് മനസ്സിലാക്കി കൊടുത്തു സ്വയം തീരുമാനം എടുക്കാനും സ്വയം പ്രശ്നത്തിന് പരിഹാരം കാണാനുമുള്ള പ്രാപ്തി ഉണ്ടാക്കി കൊടുക്കലാണ് ഇതിലൂടെ സാധ്യമാകുന്നത്.

ഇന്ന് വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന മാനസിക പ്രശ്നങ്ങളെ കീഴടക്കാൻ സഹായിക്കുന്ന സംവിധാനത്തിന്റെ അഭാവം അവരെ പടുകുഴിയിലേക്ക് തള്ളിവിടുന്നു. വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ നിരക്ക് മാനസികാരോഗ്യ പരിചരണത്തിന് കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് നമ്മെ ഓർമിപ്പിക്കുന്നു അതിന് പരിഹാരം എന്നോണം സ്കൂളുകളിൽ കൗൺസിലിംഗ് ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ലിംഗ സമത്വവും,പ്രായത്തിന് അനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസവും അനിവാര്യമായ ഈ കാലത്ത് കൗൺസിലിങ്ങിലൂടെ വിദ്യാർത്ഥികൾക്ക് സ്വയം അവബോധം സൃഷ്ടിക്കാൻ സാധിക്കും.സ്കൂളുകളിലെ ലിംഗ സമത്വം എന്നാൽ എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ ലിംഗ സ്വത്വം പരിഗണിക്കാതെ തന്നെ പഠനത്തിനും വളർച്ചയ്ക്കും തുല്യ അവസരങ്ങൾ നൽകുക എന്നാണ്.വിവേചനമോ ഉപദ്രവമോ ഇല്ലാതെ ആധികാരികമായി സ്വയം പ്രകടിപ്പിക്കാൻ ഓരോ വിദ്യാർത്ഥിയും സുരക്ഷിതമെന്ന് തോന്നുന്ന ഒരു അന്തരീക്ഷം വളർത്തിയെടുക്കുക എന്നാണ് ഇതിനർത്ഥം.

നമ്മുടെ സ്കൂളുകളിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കാൻ കുട്ടികൾക്ക് അമിത സമ്മർദ്ദം ഉണ്ടാകുന്നുണ്ടോ?ഗുണകരമായ മാനസിക സമ്മർദ്ദം, ദോഷകരമായ മാനസിക സമ്മർദ്ദം എന്നിങ്ങനെ രണ്ട് തരത്തിൽ മാനസിക സമ്മർദ്ദം ഉണ്ട്. ആദ്യത്തേത് മികച്ച വിജയം കൈവരിക്കാൻ കുട്ടികളെ സഹായിക്കും.രണ്ടാമത്തേത് പഠനത്തെ ദോഷകരമായി

ബാധിക്കും. ലക്ഷ്യബോധമില്ലാത്ത അവസ്ഥ,അമിത ടെൻഷൻ എന്നീ അവസ്ഥകൾ ഒഴിവാക്കേണ്ടത് നല്ല വിജയം കരസ്ഥമാക്കാൻ അനിവാര്യമാണ്.അതിവേഗവും സങ്കീർണവുമായ ഇന്നത്തെ ലോകത്ത് വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും വൈകാരിക ക്ഷേമവും ഉറപ്പുവരുത്തുവാൻ കൗൺസിലിങ് സേവനങ്ങൾ അത്യന്താപേക്ഷിതമാണ്.വൈകാരികവും ശാരീരികവുമായ വികാസത്തിന്റെ കാലഘട്ടമാണ് കൗമാരം.ഈ സമയത്ത് ഉണ്ടാകുന്ന സമ്മർദ്ദം,ഉത്കണ്ഠ വിഷാദം,സമപ്രായക്കാരുടെ സമ്മർദ്ദം,വൈകാരികമായ പ്രശ്നങ്ങൾ, വ്യക്തിത്വ രൂപീകരണത്തിൽ വരുന്ന മാറ്റങ്ങൾ എന്നിവയുൾപ്പെടെ നിരവധി പ്രശ്നങ്ങൾ ഉണ്ടായേക്കാം.ഈ സമയത്ത് കൗൺസിലർമാർ വിദ്യാർഥികൾക്ക് വിശ്വസ്തരായ സുഹൃത്തായി പ്രവർത്തിക്കുന്നു.

വിദ്യാർത്ഥികൾക്ക് അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും ആശങ്കകൾ അറിയിക്കാനും ജീവിത വെല്ലുവിളികളെ നേരിടാനുള്ള പോംവഴികൾ കണ്ടെത്താനും വികസിപ്പിക്കാനും കഴിയുന്ന സുരക്ഷിതവും പിന്തുണയുള്ളതുമായ ഇടം കൗൺസിലിങ്ങിലൂടെ വാഗ്ദാനം ചെയ്യുന്നു പ്രതിരോധശേഷിയും വൈകാരിക ബുദ്ധിയും വളർത്തിയെടുക്കുന്നതിലൂടെ വിദ്യാർഥികൾക്ക് സമ്മർദ്ദങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും ഫലപ്രദമായി നേരിടാൻ ആവശ്യമായ കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്നു അതുവഴി കൂടുതൽ ഗുരുതരമായ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയുകയും ചെയ്യുന്നു.

ഡോണാ ജോസഫ്
സൈക്കോ സോഷ്യൽ കൗൺസിലർ
ജീ വി എച്ച് എസ് എസ് കുറ്റിച്ചിറ







അൻസില ഫാത്തിമ പി.പി
മൂന്നാം ക്ലാസ്





ആയിഷ ദിയ ടി
മൂന്നാം ക്ലാസ്





മിൻഹ ഫാത്തിമ
മൂന്നാം ക്ലാസ്







ആദിനാഥ്
6–ാം ക്ലാസ്


OPPO A16e
2023/11/14 10:55











1. പൂർണ്ണ സ്വരാജ് ആണ് കോൺഗ്രസിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ച സമ്മേളനം നടന്നത് എവിടെയാണ്
A. ലാഹോർ

2. ദേശീയ പതാകയിൽ ധൈര്യം ,ത്യാഗം എന്നിവയെ സൂചിപ്പിക്കുന്ന നിറം ഏത്?
A. കുങ്കുമം
3. ഏഷ്യൻ വൻകരയിൽ വിസ്തീർണ്ണമുള്ള രണ്ടാമത്തെ  രാജ്യം?
A. ഇന്ത്യ
4. കേരള നിയമസഭയുടെ ആദ്യ സ്പീക്കർ ആരായിരുന്നു?
A. ശങ്കരനാരായണൻ തമ്പി
5. സതി സമ്പ്രദായം നിയമംമൂലം നിർത്തലാക്കിയ ബ്രിട്ടീഷ് ഭരണാധികാരി ആര്?
A. വില്യം ബെൻഡിക് പ്രഭു
6. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ആര്?
A. ജവഹർലാൽ നെഹ്റു
7.  ഭിലായി സ്റ്റീൽ ഫാക്ടറി ഏത് സംസ്ഥാനത്താണ്?
A. ഛത്തീസ്ഗഢ്
8. സിവിൽ നിയമലംഘനത്തിന് തുടക്കം കുറിച്ച സത്യാഗ്രഹം ഏതായിരുന്നു?
A. ഉപ്പ് സത്യാഗ്രഹം  (1930)
9. സമ്പൂർണ്ണ ദേവൻ എന്നറിയപ്പെട്ട സാമൂഹിക പരിഷ്കർത്താവ്?
A. വൈകുണ്ഠസ്വാമികൾ
10. "ലോകത്തിന്റെ ഫാഷൻ സിറ്റി " എന്നറിയപ്പെടുന്നത്?
A. പാരീസ്
11. കൊണാർക്ക് സൂര്യ ക്ഷേത്രം ഏതു സംസ്ഥാനത്തിലാണ്?
A. ഒഡീഷ
12.: ശിലായുഗ മനുഷ്യർ താമസിച്ചിരുന്ന ബിംബേദ്ക ഗുഹകൾ ഏത് സംസ്ഥാനത്താണ്?
A. മധ്യപ്രദേശ്
13. 'കാഷായവും കമണ്ഡലവും ഇല്ലാത്ത സന്യാസി 'എന്നറിയപ്പെട്ടത് ആരാണ്?
A. ചട്ടമ്പിസ്വാമികൾ
14. ഏറ്റവും നീളം കൂടിയ അക്ഷാംശ രേഖയുടെ പേരെന്ത്?
A. ഭൂമധ്യരേഖ
15. ഇന്ത്യയിൽ സൂര്യോദയം ആദ്യം ദൃശ്യമാകുന്ന സംസ്ഥാനം ഏത്?
A. അരുണാചൽ പ്രദേശ്
16. രാജസ്ഥാൻ മരുഭൂമിയിലൂടെ ഒഴുകുന്ന പ്രധാന നദി ഏത്?
A. ലൂണി
17. അച്ചടിയന്ത്രം കണ്ടുപിടിച്ചതാര്?
A. ജോഹാനസ് ഗുട്ടൻ ബർഗ്
18. ആദ്യം കണ്ടെത്തിയ സിന്ധു നദീതട സംസ്കാര കേന്ദ്രം?
A.  ഹാരപ്പ
19. 'യുദ്ധം ആരംഭിക്കുന്നത് മനുഷ്യമനസ്സിലാണ്' എന്ന പരാമർശം ഉള്ള വേദം
 അഥർവ്വ വേദം
20. ശുദ്ധാശുദ്ധം എന്ന ആശയം ഏതുമായി ബന്ധപ്പെട്ടതാണ്
A. ജാതി വ്യവസ്ഥ


ഫാത്തിമത്തുൽ സാറ
9 A





# <u>വലിപ്പം ചോരാത്ത വലിയങ്ങാടി</u>

കുരുമുളകും ഇഞ്ചിയും കൊപ്രയും കച്ചവടം ചെയ്യുന്ന വലിയങ്ങാടി വിസ്തൃതമായ ഒരു വ്യാപാര സാമ്രാജ്യം തന്നെയായിരുന്നു കെട്ടിപ്പൊക്കിയത്. കടപ്പുറത്തോട് ചേർന്ന് പാണ്ടിക ശാലകളിൽ എപ്പോഴും തിരക്കായിരുന്നു. വലിയങ്ങാടി എന്ന കച്ചവടത്തിന്റെ പറുദീസയിൽ പട്ടും പവിഴവും അരിയും പലവ്യഞ്ജനവും അടക്കയും നാളികേരവും കൊണ്ട് നിറഞ്ഞു .ഒരുകാലത്ത് ലോകത്തിലെ സമ്പന്ന നഗരങ്ങളിൽ ഒന്നായിരുന്നു . നാനാദിക്കിൽ നിന്നും പെരുമ കേട്ടറിഞ്ഞ കച്ചവടക്കാർ കോഴിക്കോട് തീരത്തെത്തി. ഭാഷയിലും വേഷത്തിലും വ്യത്യസ്തരായവർ ഈ മണ്ണിൽ സ്ഥിരം സന്ദർശകരായി. കോഴിക്കോടിന്റെ കച്ചവട പെരുമ താമസിയാതെ ലോകമാകെ പടർന്നുപന്തലിച്ചു. നഗരത്തിലെത്തുന്ന കാളവണ്ടികളും അക്കാലത്തെ സ്ഥിരം കാഴ്ചകളായിരുന്നു. മുൻകാലങ്ങളിൽ റെയിൽവേ ഗുഡ് ഷെഡിൽ നിന്നും വലിയങ്ങാടിയിൽ എത്തുന്ന അരി അവിടെ നിന്നും ലോറിയിലും ട്രോളിയിലും കാളവണ്ടികളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റി പോകുന്നത് നിത്യ കാഴ്ചയായിരുന്നു. സമ്പന്നമായ കോഴിക്കോടിന്റെ തിലകക്കുറിയായിരുന്ന വലിയങ്ങാടിക്ക് ഓർത്തെടുക്കാനും അഹങ്കരിക്കാനും കഥകൾ ഇനിയും ഏറെയുണ്ട്.






മുഹമ്മദ് ഗസീബ്
9 A

# മഴ

മഴയ്ക്കു മുൻപേ പിറന്നവൾ
മഴക്കൊപ്പം നീന്തി
യവൾ
ആർത്തിരമ്പിയവൾ
കുളിർത്തെന്നലായ്
നനുത്ത കാറ്റായ്
തലോടിയവൾ
അവൾ മഴയായിരുന്നു
മഴ തന്നെയായിരുന്നു.

രശ്മി.പി
HST Maths




# യാനപാത്രം

മലഞ്ചരുവിൽ
അവളുടെ വീട്
പുലർകാലങ്ങളിൽ
കോടമഞ്ഞിനെ വകഞ്ഞ്
കാട്ടു പാതയെ മെരുക്കി
ഒക്കിലൊരു-
ഒഴിഞ്ഞ കുട്ടയുമായവൾ
കുന്നു കയറുന്നു
കുടഞ്ഞിട്ട ചുരുൾ മുടിയിൽ
കാട്ടുപൂവൊന്നു തിരുകുന്നു
കളകൂചനങ്ങൾ ക്കൊരു-
മറു മൂളലെറിഞ്ഞു- കൊടുക്കുന്നു
ഇലഞ്ഞികൾ വിരിഞ്ഞ
കരിയില പ്പാതകൾ
പിന്നോട്ടു പായുന്നു
കാട്ടു പഴങ്ങ ളോരോന്നായ്
ഒക്കിലെ
കുട്ടനിറക്കുന്നു
വെയിലിറങ്ങും മുമ്പേ
കാനനമടിയിൽ
കുളിരരുവിക്കരയിൽ
ചെറുമയക്കം
സൂര്യൻ
മറുകര പിടിക്കുന്നു
ഇലപ്പടർപ്പിൽ
ഇരുൾ കനക്കുന്നു
ഇനിയവൾ
മലയിറങ്ങാൻ നേരമായ്....
നെഞ്ചു നിറയെ

സഫീല
യുപിഎസ്ടി


"Educationists should build the capacities of the top inquiry, creativity and moral leadership among students and become their role model."

Maulana Abdul Kalam Azad



You can win life by all means if you simply avoid two things, Comparing and Expectation

William Shakespeare







ആരവ് സോങ്കർ
ഒന്നാം ക്ലാസ്






റിഫാത്ത് മാല്ലിക്
ഒന്നാം ക്ലാസ്



അർഹാൻ സിദ്ധിഖി
ഒന്നാം ക്ലാസ്







മുഹമ്മദ് ലുബൈബ് എൻ.വി
ഒന്നാം ക്ലാസ്



ജിവിഎച്ച് എസ്സ് എസ്സ് കുറ്റിച്ചിറ  യു പി വിഭാഗം സയൻസ് ഫെസ്റ്റ് 31/01/24 ന്
സ്കൂൾ ഹാളിൽ വെച്ച് നടന്നു.
യു പി വിഭാഗം സയൻസ് അധ്യാപിക ജിഷില ടീച്ചർ സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രധാന അധ്യാപകൻ സുനിൽകുമാർ സാർ മുഖ്യഭാഷണം നടത്തി. ശാസ്ത്ര ചിന്തയുടെയും ശാസ്ത്ര പഠനത്തിന്റെയും പ്രാധാന്യവും സവിശേഷതകളും അദ്ദേഹം കുട്ടികളുമായി പങ്കുവെച്ചു. ജംഷീർ മാസ്റ്റർ സഫീല ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിച്ചു. തുടർന്ന് 5, 6, 7 ക്ലാസുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ അവതരണം നടന്നു. അഞ്ചാം ക്ലാസിലെ ആയിഷ റോഷ്നി 'കുറ്റിച്ചിറ പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ഡെങ്കിപ്പനി ഒരു പഠനം'  എന്ന വിഷയത്തിൽ പ്രോജക്ട് അവതരിപ്പിച്ചു. ആറാം ക്ലാസിലെ മുഹമ്മദ് ആദിൽ 'നക്ഷത്ര ഗണങ്ങൾ' എന്ന വിഷയത്തിൽ പ്രോജക്ട് അവതരിപ്പിച്ചു. ഏഴാം ക്ലാസ്സിൽ നിന്നും റഹ്ഷ ജീവിതശൈലിയും ഹൃദ്രോഗവും  എന്ന വിഷയത്തിൽ പ്രോജക്ട് അവതരിപ്പിച്ചു.
തുടർന്ന് യുപി ക്ലാസിലെ വിദ്യാർത്ഥികൾ സയൻസ് പാഠഭാഗങ്ങളെ അധികരിച്ച് തയ്യാറാക്കിയ സ്കിറ്റ് റോൾപ്ലേ ഡെമോൺസ്ട്രേഷൻ എന്നിവ വേദിയിൽ അവതരിപ്പിച്ചു.
കുട്ടികൾക്ക് ഇത് വേറിട്ട പഠനാനുഭവവും ആസ്വാദനവും സമ്മാനിച്ചു.
ഫെസ്റ്റിന്റെ ഭാഗമായുള്ള 'ലെൻസ്'ശാസ്ത്ര ക്വിസ് കുട്ടികളുടെ നേതൃത്വത്തിൽ 5,6,7 ക്ലാസ്സുകളിൽ നടത്തുകയുണ്ടായി.
വിദ്യാർത്ഥികളിൽ ശാസ്ത്രഭിരുചിയും ശാസ്ത്രകൗതുകവുമു ണർത്തുന്ന  നല്ല ഒരു പരിപാടിയായിരുന്നു സയൻസ് ഫെസ്റ്റ്.





നാലാം ക്ലാസ്സിലെ കുത്തബ്മിനാർ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രശസ്ത സാഹിത്യകാരൻ എസ്.കെ.പൊറ്റക്കാടിൻ്റെ പ്രതിമയും അദ്ദേഹത്തിൻ്റെ കൃതികളിലെ കഥാസന്ദർഭങ്ങളുടെ ചിത്രീകരണവും കാണാൻ മിഠായി തെരുവിലേക്ക് നടത്തിയ ഫീൽഡ് ട്രിപ്പ്.

# GVHSS KUTTICHIRA

# നാം മുന്നോട്ട്

## MOTIVATION CLASS

On 03/02/2024,Saturday

for 10th Students



**Sasikala C H**

Counselor, Mentor & RP

TOPIC
I & My Age



**Lissy George**

Mentor & RP

TOPIC
Targeted oriented preparation



**Ashreena Suhaib**

Psychologist, Motivator & Mentor



**Sminy Thomas T**

Teacher and Mentor







17024-G V H S S KUTTICHIRA
KOZHIKODE X.A (BATCH) 2023.24



ഞങ്ങളുടെ വർണങ്ങളും അക്ഷരങ്ങളും അനുഭവങ്ങളും ചേർത്തുവെച്ച് ഒരു സ്‌കൂൾ മാഗസിൻ
ഇന്നലെ വരെ അതൊരു സ്വപ്നമായിരുന്നു
ഇന്നത് യാഥാർഥ്യമായിരിക്കുന്നു. ഈയൊരു യാത്രയിൽ ഞങ്ങളോടൊപ്പം നിന്ന മുഴുവൻ സുമനസ്സുകളെയും നന്ദിയോടെ സ്മരിക്കുന്നു.....
പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകി മുന്നോട്ടു നയിച്ച പ്രിയ ഹെഡ് മാസ്റ്റർ സുനിൽ കുമാർ സർ,എല്ലാ പിന്തുണയും വാഗ്ദാനം ചെയ്ത പി ടി എ പ്രസിഡന്റ് ശ്രീ ഷുഹൈബ്, തുടക്കം മുതൽ ഒടുക്കം വരെ കൈത്താങ്ങായി കൂടെ നിന്ന രശ്മി ടീച്ചർ,നീത ടീച്ചർ,സുമിതേച്ചി എന്നിവരെയെല്ലാം പ്രത്യേകം പരാമർശിക്കാൻ ആഗ്രഹിക്കുന്നു. പിന്തുണയേകിയ എല്ലാവർക്കും ഒരിക്കൽ കൂടി നന്ദിയർപ്പിച്ചുകൊണ്ട്...നിറങ്ങളിൽ പൊതിഞ്ഞ പ്രതീക്ഷകൾ സാക്ഷ്യത്തിലൂടെ നിങ്ങളുടെ സമക്ഷത്തിലേക്ക്.....

## സ്റ്റുഡൻ്റ് എഡിറ്റേഴ്സ്

**ഹാബിൽ ബിൻ ആസിഫ് & ഫർസിൻ ഫഹദ്.**